**<u>കാറ്റഗറി നമ്പർ : 271 /2020</u>**

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺ ലൈനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഓൺ ലൈനായി ഒറ്റത്തവണ രജിസ് ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്.

1. **വകുപ്പ്** : കേരള പബ് ളിക് സർവ്വീസ് കമ്മീഷൻ
2. **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് (തമിഴ് അറിയുന്നവർ)
3. **ശമ്പളം** : ₹ 27800–59400
4. **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം.

6 **പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1984–നും 01.01.2002–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗം, വിധവകൾ എന്നിവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും.

[വയസ്സിളവിനെ സംബന്ധിച്ച മറ്റ വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട്–2 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

**<u>കുറിപ്പ്:</u>** ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 3% ഒഴിവുകൾ ഭിന്നശേഷിയുള്ള (Locomotor Disability/ Cerebral Palsy, Low Vision, Hearing Impairment) ഉദ്യോഗാർത്ഥികൾക്കായി 03.01.2013 തീയതിയിലെ G.O.(P).No.01/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നീക്കിവച്ചിരിക്കുന്നു. എന്നാൽ ഭിന്നശേഷിയുള്ള Blindness ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

7 **യോഗ്യതകൾ:**

1 ഇന്ത്യയിലെ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.എ അല്ലെങ്കിൽ ബി.എസ്.സി അല്ലെങ്കിൽ ബി.കോം ബിരുദം അഥവാ തത്തുല്യ യോഗ്യത

2 തമിഴ്, മലയാളം ഭാഷകളിലുള്ള പ്രാവീണ്യം.
(ചുവടെ വിവരിക്കുന്ന നിലവാരത്തിൽ, ടി തസ്തികയുടെ തെരഞ്ഞെടുപ്പിനായി നടത്തുന്ന എഴുത്ത് പരീക്ഷയിൽ പ്രാവീണ്യം തെളിയിക്കേണ്ടതാണ്).

**കുറിപ്പ്:(a).** സംസ്ഥാന സർക്കാർ സർവ്വീസിൽ മൊത്തം നാല് വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ള ടൈപ്പിസ്റ്റ്, ക്ളർക്ക് വിഭാഗത്തിൽപ്പെടുന്ന ബിരുദ യോഗ്യത ഇല്ലാത്ത ഉദ്യോഗസ്ഥർക്കും ഈ തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കാം. അത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരെ മെറിറ്റ് അടിസ്ഥാനത്തിൽ ഓപ്പൺ കോമ്പറ്റീഷൻ ഒഴിവുകളിലേയ്ക്ക് മാത്രം നിയമനത്തിന് പരിഗണിക്കുന്നതാണ്. റിസർവേഷൻ ടേണുകളിൽ അവരെ നിയമനത്തിനായി പരിഗണിക്കുകയില്ല. ഈ വിഭാഗത്തിൽ അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ഓഫീസ് മേധാവിയിൽ നിന്നും സർവ്വീസ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. ഈ വിഭാഗത്തിൽ അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 01.01.2020-ന് 40 വയസ്സ് തികയാൻ പാടുള്ളതല്ല. എസ്.സി/എസ്.റ്റി വിഭാഗക്കാർക്കും, മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്കും വയസ്സ് സംബന്ധിച്ച് നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:(b).** KS&SSR Part-II Rule 10 (a) (ii) ബാധകമാണ്.

**കുറിപ്പ്:(c).** വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

**കുറിപ്പ്:(d).** ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

**8 ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കായി ഒരു വിവരണാത്മക പരീക്ഷ നടത്തുന്നതാണ്. പരീക്ഷ സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

**A. Paper-I**

| | വിഷയം | മാർക്ക് | പരമാവധി മാർക്ക് | സമയം |
|---|---|---|---|---|
| Part-I | പൊതു വിജ്ഞാനം | 35 | 100 | 2 മണിക്കൂർ |
| Part-II | ഇംഗ്ലീഷ് | 35 | | |
| Part-III | മലയാളം | 30 | | |

Part-III-ൽ തന്നിരിക്കുന്ന വിഷയങ്ങളിൽ ഒന്നോ രണ്ടോ ഖണ്ഡികകൾ എഴുതുവാനും ഇംഗ്ലീഷിൽ തന്നിരിക്കുന്ന ഖണ്ഡിക മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യുവാനും ചോദിക്കാവുന്നതാണ്. (ലഘു നിലവാരത്തിലുള്ള ചോദ്യമായിരിക്കും). Part-I, Part-II ഭാഗങ്ങളിലുള്ള ചോദ്യങ്ങൾ ഡിഗ്രി നിലവാരത്തിലുള്ളതായിരിക്കും.

B. Paper–II

| വിഷയം | പരമാവധി മാർക്ക് | സമയം |
|---|---|---|
| തമിഴ് | 50 | 1 മണിക്കൂർ |

തന്നിരിക്കുന്ന വിഷയങ്ങളിൽ ഖണ്ഡികകൾ എഴുതുവാനും തമിഴ് ഭാഷയിലുള്ള ഖണ്ഡിക ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്യുവാനും ചോദിക്കാവുന്നതാണ്. തമിഴ് ഭാഷയിലുള്ള പ്രാവീണ്യം തെളിയിക്കുന്നതിനും, തമിഴ് വാക്കുകളുടെ പ്രായോഗീക പരിജ്ഞാനം പരിശോധിക്കുന്നതിനുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

Paper–I പാസ്സാകുന്നതിന് മൂന്ന് പാർട്ടിനും കൂടി 40% മാർക്കും Part–III–യ്ക്ക് മിനിമം 30–ൽ 9 മാർക്കും ആവശ്യമാണ്. Part–II പാസ്സാകുന്നതിന് മിനിമം 40% മാർക്ക് (50–ൽ 20 മാർക്ക്) ലഭിച്ചിരിക്കണം. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് മിനിമം മാർക്കിൽ ഇളവ് വരുത്തുന്നതിന് കേരള പബ്ളിക് സർവ്വീസ് കമ്മീഷന് വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ്:–** മേൽ പ്രസ്താവിച്ചതൊന്നും തന്നെ, എഴുത്ത് പരീക്ഷയിൽ ഉദ്യോഗാർത്ഥികൾ നേടിയിരിക്കേണ്ട ഏറ്റവും കുറഞ്ഞ മാർക്ക് സംബന്ധിച്ച ആവശ്യകതയെയോ, തസ്തികയിലേയ്ക്ക് ആവശ്യമായ ഉദ്യോഗാർത്ഥികളുടെ എണ്ണത്തെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ മാർക്ക് നേടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം വളരെ വലുതാണെങ്കിൽ, റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് ഉയർന്ന ശതമാനം മാർക്ക് തീരുമാനിക്കുന്നതിനുള്ള കമ്മീഷന്റെ വിവേചനാധികാരത്തേയോ ഒരുതരത്തിലും ബാധിക്കുന്നതല്ല.

**9 പ്രൊബേഷനും സേവന വ്യവസ്ഥകളും**

**(A)** ഈ തസ്തികയിൽ നിയമിക്കപ്പെടുന്ന ആൾ

(1) മൂന്ന് വർഷത്തെ തുടർച്ചയായ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

(2) പ്രൊബേഷൻ കാലയളവിനുള്ളിൽ കമ്മീഷൻ നടത്തുന്ന കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ഓഫീസ് മാന്വൽ വകുപ്പ്തല പരീക്ഷ ജയിച്ചിരിക്കണം.

**(B)** കേരള പബ്ളിക് സർവ്വിസ് കമ്മീഷൻ ഓഫീസിലെ അസിസ്റ്റന്റ് കേഡറിലേയ്ക്കും മറ്റ് ഉയർന്ന ഗസറ്റഡ് കേഡറുകളിലേയ്ക്കുമുള്ള പ്രൊമോഷന് ഈ തസ്തിക ജനറൽ കേഡറിലുള്ള അസിസ്റ്റന്റ് തസ്തികയോടൊപ്പം പരിഗണിക്കുന്നതാണ്. എന്നാൽ ഈ തസ്തികയിൽ നിയമനം ലഭിക്കുന്ന വ്യക്തി സാധാരണഗതിയിൽ സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നേടുന്നതുവരെ അതേ തസ്തികയിൽ തുടരുന്നതും അതുവരെ അയാൾക്ക് മേൽ പ്രസ്താവിച്ച പ്രൊമോഷന് വേണ്ടിയുള്ള ജനറൽ കേഡറിലേയ്ക്ക് യോഗ്യത ഉണ്ടായിരിക്കുന്നതുമല്ല.

**10 അപേക്ഷ അയയ്ക്കേണ്ട രീതി:**

**(A)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID–യും Pass Word–ഉം ഉപയോഗിച്ച് Login ചെയ്തശേഷം സ്വന്തം Profile–ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link–ലെ 'Apply

Now'-ൽ മാത്രം Click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31.12.2010-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്യുന്ന ഫോട്ടോയ്ക്ക് Upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച് മറ്റ് നിബന്ധനകൾക്കൊന്നുംതന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. ഉദ്യോഗാർത്ഥികൾ തങ്ങളുടെ OTR പ്രൊഫൈലിൽ നിന്നും അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. Pass Word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുമ്പും തന്റെ Profile-ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷൻ മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അവസാന തീയതിക്കുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്നപക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(B) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺ ലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നല്കേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(C) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(D) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

11 **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 30.12.2020** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.

12 **അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് :** www.keralapsc.gov.in

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ
പാർട്ട്-2-ൽ കൊടുത്തിരിക്കുന്ന പൊതുവ്യവസ്ഥകൾകൂടി നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ